# കാൽപ്പാടുകൾ (നോവൽ)

കാരൂർ സോമൻ



അധ്യായം: 20

## വർണ്ണചിത്രങ്ങൾ

**വീ**ടിനോടു ചേർന്നുള്ള പുൽത്തകിടിയിലെ വലിയ കോർട്ടിൽ ടെന്നീസ് കളിക്കുന്ന സൈമണും മോനിക്കയും. വൈറ്റ് ടീഷർട്ടും ഷോർട്സും ധരിച്ചിരിക്കുന്ന മോനിക്കയുടെ ഓരോ ചുവടു വയ്പിലും ശരീരം തുളുമ്പുന്നു. മോനിക്ക വിയർത്തു കുളിച്ചിരിക്കുന്നു. ഒരു സർവീസ് സൈമന്റെ കോർട്ടിലേക്കു പായിക്കുന്നതിനിടെ മോനിക്ക ഏലിയാമ്മയെയും ആനിയെയും നോക്കിച്ചിരിച്ചു. ഏലിയാമ്മ കൈയിലിരുന്ന കുട അകത്തുകൊണ്ടുവച്ചു. സിബിൻമോൻ സിറ്റൗട്ടിലിരുന്ന് ചിത്രം വരയിലാണ്.

ഏലിയാമ്മ പുറത്തേക്കു വന്നതും മോനിക്ക ഓടിയെത്തി ബാറ്റ് ഏലിയാമ്മയെ ഏല്പിച്ചിട്ട് വരാന്തയിലിരുന്ന ഒരുകുപ്പി വെള്ളമെടുത്ത് വായിലേക്കു കമഴ്ത്തി. കളിക്കുന്ന ഗയിം തീർത്തിട്ടു പോയാമതിയെന്ന് സൈമൺ വിളിച്ചുപറഞ്ഞു. മോനിക്ക അത് കേൾക്കാത്ത മട്ടിൽ നിന്ന് ആനിക്കു നേരെ നോക്കി കണ്ണിറുക്കി.

'ആം റ്റു റ്റയേഡ് മമ്മി വിൽ പ്ലേ വേഴ്സസ് യു.'

അവൾ പുറംതിരിഞ്ഞു നിന്നുകൊണ്ട് തന്നെ വിളിച്ചു പറഞ്ഞു.

വെള്ളവുമായി ആനിയുടെ അടുത്തെത്തി ചിരിച്ചുകൊണ്ടു പറഞ്ഞു.

'ആ ഗെയിമിൽ ഞാൻ തോല്ക്കും. ഡെഫനിറ്റായും. അതാ എസ്കേപ്പ് ചെയ്തത്. എന്നാൽ എതിരെ കളിക്കുന്നത് സ്വന്തം വൈഫല്ലേ ഒന്നു തോറ്റുതന്നേക്കാം എന്നൊന്നും വിചാരിക്കില്ല സൈമൺ.'

മോനിക്ക കൃത്രിമ പരിഭവം നടിച്ചു.

രണ്ടുപേരുടെയും ചുണ്ടുകളിൽ ചിരിപൊട്ടി.

'മോനിക്ക കമോൺ ഡാർലിങ്'

സൈമൺ മോനിക്കയെ വീണ്ടും വിളിച്ചു. ഏലിയാമ്മ ബാറ്റ് മോനിക്കയെ തിരിയേയേൽപ്പിച്ചിട്ട് പ്രോത്സാഹിപ്പിച്ചു. അവരുടെ നിർബന്ധത്തിനു വഴങ്ങി മോനിക്ക വീണ്ടും കളിക്കാനിറങ്ങി.

'അവളുടെ സ്ഥിരം അടവാ കളി തോൽക്കുമെന്നാകുമ്പോൾ കുളിക്കണം, വിയർക്കുന്നു, വെള്ളം കുടിക്കണം എന്നൊക്കെ.' ഏലിയാമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു.

'ഇതൊക്കെ അവന്റെ ഇടിമത്സരത്തിന്റെ പ്രാക്ടീസുകളാണ്. കൈവേഗം കിട്ടാനെന്നൊക്കെയാ മോനിക്ക പറയാറ്. എല്ലാ ദിവസവും സൈമണും ഡാനിച്ചനും ഇവിടുത്തെ പാർക്കിൽ ഓടാൻ പോകും. ചിലപ്പോൾ ഞാനും മോനിക്കയും കൂടും. ഒരു റൗണ്ടൊക്കെ കഷ്ടിച്ച് ഞങ്ങൾ ഓടും.'

ആനി പാതി ആശ്ചര്യത്തോടെയാണ് അതൊക്കെ കേട്ടത്. സൈമൺ മോനിക്കയെ കളിയാക്കുന്നതു കേട്ടു. കളിയിൽ മോനിക്ക തോറ്റിരുന്നു. വീർത്തുകെട്ടിയ മുഖവുമായി പരിഭവത്തിൽ മോനിക്ക തിരിച്ചുവന്നു. ബാറ്റ് ഏലിയാമ്മയുടെ കൈയിൽ കൊടുത്തിട്ട് ടർക്കികൊണ്ട് മുഖം തുടച്ചു. കമ്പിളിയുടുപ്പ് ഊരിവച്ച് ടീഷർട്ടും പാന്റുമായി ഏലിയാമ്മ കളിക്കാനിറങ്ങി.

കുപ്പിയിൽനിന്ന് വെള്ളം കുടിച്ചുകൊണ്ട് മോനിക്ക ആനിയോടു പറഞ്ഞു.

'അമ്മയെയും മോനെയും തോല്പിക്കാൻ പറ്റില്ല. മമ്മി പഴയ കോളജ് ടെന്നീസ് പ്ലേയറാണ്. ഇവർക്കെതിരെ കളിച്ച് എപ്പോഴും ഞാൻ തോൽക്കും.'

ആനി കോർട്ടിലേക്കു നോക്കി. സൈമണിന്റെ കനത്ത ഷോട്ടുകൾക്ക് മറുപടിയെന്നോണം ഏലിയാമ്മയുടെ ബാറ്റിൽനിന്നും പന്ത് വെടിയുണ്ടപോലെ തെറിച്ചു പോകുന്നുണ്ട്.

മോനിക്ക കുളിക്കാനായി അകത്തേക്കു പോയി. അമ്മച്ചി കളിക്കുന്നതുകണ്ട് മുറ്റത്തേക്കിറങ്ങി വന്ന സിബിൻ ആനിയെകണ്ടു. തിരിച്ചുപോയി അവൻ വരച്ച മഞ്ഞുമലയുടെ പടം എടുത്തുകൊണ്ടുവന്ന് ആനിയെ കാണിച്ചു.

'ആന്റി ലുക്ക് ഹിയർ...'

ആനി അവൻ വരച്ച ചിത്രത്തിലേക്കു നോക്കി. സർക്കസ് കോമാളിയുടെ തൊലി കമഴ്ത്തിവച്ചതുപോലെ മലകളുടെ കൂട്ടം. ആകാശത്തെ സൂര്യന് കടും ചുവപ്പുനിറമാണ്. മഞ്ഞുമലയ്ക്കു താഴെ വയലറ്റു നിറത്തിൽ പൂക്കൾ വിരിഞ്ഞു നില്ക്കുന്നു. ഒരു ചെടിക്ക് മഞ്ഞുമലയേക്കാളും പൊക്കം വരും.

'ഓ ഇറ്റ്സ് ഗ്രേറ്റ്. നന്നായിരിക്കുന്നു.'

അവൾ അവന്റെ കവിളിൽ ഒരു മുത്തം കൊടുത്തു.

അവൻ കുഞ്ഞരിപ്പല്ലുകൾകാട്ടി ചിരിച്ചു.

ഇടംകൈകൊണ്ടാണ് സിബിൻ പടം വരയ്ക്കുന്നത്. ലിയോ ടോൾസ്റ്റോയി യുദ്ധവും സമാധാനവും എഴുതിയതും ഡാവിഞ്ചി മോണാലിസയും ലാസ്റ്റ് സപ്പറും വരച്ചതും ഇടംകൈകൊണ്ടായിരുന്നുവെന്ന് എവിടെയോ വായിച്ചത് അവളോർത്തു. ഇവനുമൊരിക്കൽ അവരെപ്പോലെയാകട്ടെ. മനസിൽ ആശീർവാദത്തിന്റെ കുളിർ പെയ്തത് ആനിയറിഞ്ഞു.

'ഗ്രാൻമ ഹറിയപ്'

സിബിൻ വല്യമ്മയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

മോനിക്കയോട് കൂളായി കളിച്ച സൈമൺ ഇപ്പോൾ മമ്മി അയക്കുന്ന ബോളിനെ മടക്കിയയയ്ക്കാൻ ഭഗീരഥ പ്രയത്നം നടത്തുന്നുവെന്നു തോന്നി.

മമ്മി നന്നായി ടെന്നീസ് കളിക്കുന്നു. ആനിക്ക് പുതിയൊരു ആശ്ചര്യക്കാഴ്ച നൽകി അത്. മുഖത്തിനു മീതെ ഉയർന്നുവന്ന പന്ത് ചാടിയുയർന്ന് ഏലിയാമ്മ തിരിച്ചുവിട്ടു. ബാറ്റ്കൊണ്ട് ആ പന്ത് പിടിക്കാൻ സൈമണായില്ല. ഒരു അന്താരാഷ്ട്ര ടെന്നീസ് മത്സരത്തിന്റെ ലൈവ് സംപ്രേഷണത്തിലെന്നപോലെ ബാറ്റുയർത്തി ഏലിയാമ്മ വിജയം ആഘോഷിച്ചു.

വല്യമ്മച്ചി ജയിച്ചത് സെബിൻ തുള്ളിച്ചാടി ആഘോഷിച്ചു. അവൻ അകത്തേക്കു വിളിച്ചു പറഞ്ഞു.

'മമ്മീ പപ്പ ലോസ്റ്റ് ദ ഗേം. ഗ്രാൻമ പപ്പയെ തോൽപിച്ചു.'

എല്ലാവരും അവനെനോക്കി ചിരിച്ചു.

സൈമൺ അവർക്കടുത്തേക്കു വന്നു. ആനിയുടെ സുഖവിവരങ്ങൾ അന്വേഷിച്ചു.

'എന്റെ മോനെ കണ്ടില്ലേ... ഞാൻ തോൽക്കുന്നതാ അവനിഷ്ടം.'

സൈമൺ തമാശയായി പറഞ്ഞു.

'അവൻ നിന്റെ മോനാണെങ്കിലെന്താ ഊര് എന്റെയാ, അവനെ കണ്ടാലറിഞ്ഞൂകൂടേ.'

ഏലിയാമ്മ മറുപടി പറഞ്ഞു.

'നാക്കിലും ടെന്നീസു കളിയിലും മമ്മിയെ തോൽപിക്കാൻ പാട്. ടൂ ഡിഫിക്കൽറ്റ്.'

ഏലിയാമ്മ സൈമണെ കളിയായി തല്ലാൻ ബാറ്റോങ്ങി. ആനി ചിരിച്ചു.

ഒരുകുപ്പി വെള്ളം തലയിലേക്കു കമഴ്ത്തി സൈമൺ അകത്തേക്കു കയറിപ്പോയി.

ഏലിയാമ്മ ടർക്കിയെടുത്തു കൈയും മുഖവും തുടച്ചു.

ആനി പാതി ആശ്ചര്യത്തിൽ അഭിനന്ദനമറിയിച്ചു.

'ആന്റി വളരെ നന്നായിട്ട് കളിക്കുന്നുണ്ടല്ലോ. പണ്ട് ടെന്നീസു കളിക്കാരി ആയിരുന്നോ?'

ഏലിയാമ്മ തെല്ലഭിമാനത്തോടെ അവളെ നോക്കി. ഓർമയുടെ നടവഴിയിലൂടെ പിന്തിരിഞ്ഞു നടന്നുകൊണ്ടു പറഞ്ഞു.

'അതൊക്കെ പഴയകഥകൾ. സ്കൂളിലും കോളജിലും കുറേ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. കോളജിൽ ടെന്നീസ് ക്യാപ്റ്റനായിരുന്നു.'

'കോളജിൽ പ്രാക്ടീസ് ചെയ്യുമ്പോൾ ഡാനിച്ചന്റെ ടീമിനെ എത്രവട്ടം ഞങ്ങൾ തോൽപിച്ചിട്ടുണ്ടെന്നറിയാമോ?'

ആനിക്ക് അത് പുതിയൊരറിവായിരുന്നു.

അന്നത്തെ കോളജ് കുരുവികൾ ഇന്ന്...

'അപ്പൊ ആന്റീം അങ്കിളും...'

അവളുടെ ചോദ്യം മനസിലായിട്ടെന്നപോലെ ഏലിയാമ്മ പറഞ്ഞു.

'അതെ, പക്ഷേ വീട്ടുകാരറിഞ്ഞിട്ടാ.'

ഏലിയാമ്മയുടെ ചുണ്ടുകളിൽ നാണത്തിന്റെ ചിരിപ്പൂക്കൾ വിടർന്നു. നഷ്ടമായ ഒരു കാലത്തിന്റെ ഓർമയിൽ അവരുടെ മനസിലേക്ക് ഒരു മഴ പെയ്തു കുളിർന്നു.

ഏലിയാമ്മയോടൊപ്പം ആനി സൈമന്റെ വീടിനുള്ളിലേക്കു നടന്നു.

ഡൈനിങ് ടേബിളിൽ നിന്ന് കുറെപഴങ്ങളിട്ട ഒരു പാത്രം എടുത്തു കൊടുത്തു.

'മോളിത് കഴിക്ക്. ഞാനീ ദേഹമൊന്നു തുടച്ചിട്ടുവരാം.'

ഏലിയാമ്മ നടന്നുപോകുന്നത് ആനി നോക്കിനിന്നു. സ്വന്തം അമ്മയെപ്പോലെയാണ് അവർ തന്നെ പരിചരിക്കുന്നത്. രക്തബന്ധത്തിന്റെ ആഴങ്ങളൊന്നുമില്ല. സ്നേഹത്തിന്റെ ചെറുനൂലിഴയിൽ കൊരുത്തിട്ടപോലെ ഒരുബന്ധം. പക്ഷേ അത് രക്തബന്ധത്തിനും മീതെ ഒരു ഹൃദയബന്ധത്തിന്റെ നൂലിഴകൾ ചേർക്കുന്നു.

വിളക്കിന്റെ ദ്യുതികണ്ട് അതിനുനേരെ പറന്നടുത്ത ഒരു ഈയാംപാറ്റയാണു താൻ. അതിനെ കൈക്കുമ്പിളിലൊതുക്കി രക്ഷിക്കുന്നു. എത്ര ജന്മമെടുത്താലും തീർക്കാനാവാത്ത കടപ്പാടുകൾ. മരിച്ചു പോയവർ മറ്റൊരിടത്ത് പുനർജനിക്കുന്നതുപോലെ. തനിക്ക് തണലായി പുനർജനിച്ചതാണവരെന്നു തോന്നി ആനിക്ക്. മനസിന്റെ ജലവിഭ്രമങ്ങളിൽ ഒരുവേള ഇവർതന്നെയാണ് തന്റെ അമ്മയെന്നും.

ഇവിടെ എല്ലാവർക്കും തന്നോടു വലിയ സ്നേഹമാണ്. സൈമണും മോനിക്കയും സ്വന്തം സഹോദരിയോടെന്നപോലെയാണ് തന്നോട് പെരുമാറുന്നത്. ഡാനിയങ്കിളും ഏലിയാമ്മയാന്റീം തന്നെ അവരുടെ മോളെപ്പോലെ നോക്കുന്നു. സ്നേഹത്തിന്റെ ആകാശം തനിക്കുമുന്നിൽ നിവർത്തിയിടുന്നു. തന്റെ ജാലകക്കാഴ്ചകളിൽ ഇപ്പോൾ ആകാശം മാത്രമേയുള്ളൂ.

ചിറകു കരിഞ്ഞിട്ടും ആ ജാലകക്കാഴ്ചയാണ് പറക്കാൻ തന്നെ പ്രേരിപ്പിക്കുന്നത്. അരമനകളിലും അധികാര ഗോപുരങ്ങളിലും സുഖലോലുപതയുടെ പട്ടുമെത്തയിലുറങ്ങുന്നവർ കീടങ്ങളെപ്പോലെ പാവങ്ങളെ കാണുമ്പോഴാണ് ഇവർ അനാഥയായ തന്നെ നടുക്കടലിൽ നിന്നു കൈപിടിച്ച് കയറ്റിയത്. ഇപ്പോൾ ഒരു മകൾക്കെന്നപോലെ വാത്സല്യവും സ്നേഹവും ചൊരിയുന്നു.

മോനിക്ക ബാത്റൂമിൽനിന്ന് മുടി തോർത്തിക്കൊണ്ട് പുറത്തുവന്നു.

'ആനി ഇവിടെ ഒറ്റയ്ക്കിരുന്നു ബോറടിച്ചോ.'

'ജസ്റ്റ് എ സെക്കന്റ്.' മോനിക്ക മുകളിലേക്കു കയറിപ്പോയി.

മോനിക്കയോടു സംസാരിച്ചാൽ മലയാളിയല്ലെന്നു പറയില്ല. നിറവും നീലക്കണ്ണുകളുമാണ് മോനിക്ക ഇംഗ്ലീഷുകാരിയാണെന്ന തോന്നലുണ്ടാക്കുന്നത്. ഗ്ലാസ്പോലെയുള്ള മുഖം. കറുത്ത മുടി. ശരിക്കും ഒരു ഹിന്ദി സിനിമാതാരത്തെപ്പോലെ.

ഇവിടെ ഈ സംസ്കാരത്തിൽ കഴിഞ്ഞിട്ടും മോനിക്ക ഇന്ത്യാക്കാരെപ്പോലെ എല്ലാവരെയും ബഹുമാനിക്കുന്നു. സ്നേഹിക്കുന്നു. മോനിക്ക ഇപ്പോഴും ആനിക്കു മുൻപിൽ ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ്.

'ഹലോ എന്താണ് ഇത്ര വലിയ ആലോചന.'

മോനിക്ക ചോദിച്ചു. മോനിക്ക കടന്നുവന്നത് താനറിഞ്ഞതേയില്ല.

മോനിക്കയെപ്പറ്റിത്തന്നെയാണ് ആലോചന എന്നു പറയണമെന്നു തോന്നിയതാണ്. പിന്നെ വേണ്ടെന്നു വച്ചു.

'ഇതൊന്നും കഴിച്ചില്ലല്ലോ. നല്ലതുപോലെ ഫുഡ് കഴിച്ചില്ലെങ്കിൽ കുഞ്ഞിനാ കുഴപ്പം.'

ഒരു ഓറഞ്ച് കൈയിലെടുത്ത് പൊളിച്ചുകൊണ്ട് മോനിക്ക പറഞ്ഞു. ആനിയുടെ മുഖം ചുവന്നു. ഓറഞ്ച് പൊളിച്ച് പാതി അല്ലികൾ ആനിയുടെ കൈയിൽവച്ചു കൊടുത്തിട്ടു ചോദിച്ചു.

'ഹൗ ഈസ് യുവർ ന്യൂ ജോബ്.'

'നൈസ്.' ആനി ഉത്തരം ഒരുവാക്കിലൊതുക്കാൻ നോക്കി. മോനിക്ക വിട്ടില്ല.

'അതല്ല. ഇന്ത്യാ - ലണ്ടൻ ഇവിടുത്തെ ജോബ് കംപയർ ചെയ്തു പറയൂ. ഐ മീൻ ജോബിന്റെ നേച്ചർ.'

അത്... ആനി ഗൗരവത്തിലായി.

'ആഴ്ചയിൽ 37 1/2 മണിക്കൂർ ജോലി ആശ്വാസം. ഇത്രയും ആത്മാർഥതയൊന്നുമില്ല ഇന്ത്യയിൽ രോഗികളോടുള്ള ഇടപെടലിൽ. പക്ഷെ ഇവിടെ രോഗികൾക്ക് കൂടുതൽ പ്രോബ്ലംസ് ഫെയ്സ് ചെയ്യേണ്ടിവരുന്നുണ്ട്.'

'ഇന്ത്യയിൽ രോഗി ഡോക്ടർക്ക് നൽകുന്ന പണത്തിന്റെ അളവനുസരിച്ച് നല്ല ചികിത്സ ലഭിക്കും. എന്നാലും ഡോക്ടറെ കാണാൻ വരുന്നരോഗി ചികിത്സ കിട്ടി മരുന്നുമായിട്ടാണ് തിരിച്ചുവരിക. പക്ഷെ ഇവിടെയങ്ങനെയല്ലല്ലോ.' ആനി പറയുന്നത് മോനിക്ക സശ്രദ്ധം കേട്ടിരുന്നു.

'ഓകെ വാട്ടീസ് ദ പ്രോബ്ളം ഹീർ' . മോനിക്ക ചോദിച്ചു.

'ഇവിടെ മുറിവൈദ്യൻമാരെപ്പോലെ ജനറൽ പ്രാക്ടീസ് നഴ്സ് എന്നപേരിൽ മുക്കിനും മൂലയിലും ഒത്തിരി സർജറികളുണ്ട്. ഗുളികകൾകൊടുക്കാനും ബി.പി. നോക്കാനും എന്തിനാണിവർ. ഒരു രോഗി ഈ ജി.പി.യെ കാണണമെങ്കിൽ ഒരു ദിവസം കളയണം. മുൻകൂർ അപ്പോയ്മെന്റ് എടുക്കണം. പേഷ്യന്റിന്റെ സൗകര്യത്തിലല്ല ജി.പി.യുടെ സൗകര്യത്തിനാണ് അപ്പോയ്മെന്റ് തീയതിയും സമയവുമൊക്കെ. കടുത്ത രോഗവുമായിട്ടെത്തുന്നവർക്ക് ജി.പി. ചികിത്സ നൽകാറുമില്ല. ആശുപത്രിയിലേക്ക് വിടും. ഹോസ്പിറ്റലിന്റെ കാര്യവും ഇതൊക്കെതന്നെ. അവിടെയുംവേണം അപ്പോയ്മെന്റ് ഡോക്ടറെ കാണാൻ. രക്തം പരിശോധിച്ച് റിപ്പോർട്ടു വരുന്നത് ആഴ്ചകൾകഴിഞ്ഞാണ്. ശരിക്കും ഇവിടെ രോഗികളെ പീഡിപ്പിക്കുകയാണ്. ഈ ഡവലപ്മെന്റ് കണ്ട്രിയും. ഇങ്ങനൊക്കെ വിചിത്രമായ കാര്യങ്ങളുണ്ട്.'

അവൾ പറഞ്ഞതൊക്കെ മോനിക്ക ശ്രദ്ധയോടെ കേട്ടിരിക്കുകയായിരുന്നു. എത്ര പെട്ടന്നാണ് ആനി കാര്യങ്ങളൊക്കെ വിലയിരുത്തുന്നത്. മോനിക്കായ്ക്ക് ആനിയോട് ബഹുമാനം തോന്നി.

'എമർജൻസിക്കുള്ള ആംബുലൻസ് വിളിച്ചാൽ അവർ വീട്ടുപടിക്കൽ എത്തില്ലേ?' മോനിക്ക ചോദിച്ചു.

ആനി അതംഗീകരിച്ചില്ല.

'അതൊക്കെ ശരിതന്നെ. ഹാർട്ട് അറ്റാക്കിനും എമർജൻസിക്കുമൊക്കെ ഉള്ളവരും പക്ഷെ പേഷ്യന്റ്സിന് ഉടനെ രോഗത്തിനുള്ള മരുന്നുകിട്ടില്ലല്ലോ. ഇന്ത്യയിലെ ഡോക്ടർമാർ ഉപരിപഠനത്തിന് ഇവിടെവരുന്നതുപോലെ ഇവിടുത്തെ ഡോക്ടർമാരും പോകണം ഇന്ത്യയിലേക്ക് പ്രാഥമിക പഠനത്തിന്.'

ആനിയുടെ മറുപടികേട്ട് മോനിക്ക ചിരിച്ചു-ആനി തുടർന്നു.

'ഇവിടെ കുട്ടികൾക്ക് 18 വയസുവരെ മരുന്നും വിദ്യാഭ്യാസവും ഒക്കെ ഫ്രീയായിരിക്കും. പക്ഷെ 18 വയസിനു മുകളിലുള്ളവരുടെ കാര്യമോ അതിദയനീയമാണ്. തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്യുന്ന ഒട്ടേറെപ്പേരുണ്ട്. അവരുടെ കാര്യം മാത്രം ആരും പറയില്ല. സാധനങ്ങൾക്കൊക്കെ തീപിടിച്ച വിലയല്ലേ? തുച്ഛമായ ശമ്പളത്തിൽ ഇവിടെ ജോലിചെയ്യുന്ന ഒരു ഇന്ത്യക്കാരന് നല്ല ചികിത്സ കിട്ടുന്നില്ലല്ലോ. അതിനുള്ള പോസിബിലിറ്റി കുറവല്ലേ?' ആനി ചോദ്യങ്ങളുടെ പെരുമഴകൊണ്ട് മോനിക്കയെ പരാജയപ്പെടുത്തി. പരാജയം സമ്മതിക്കുന്ന മട്ടിൽ മോനിക്ക കൈയുയർത്തിയിട്ടു പറഞ്ഞു.

'സറണ്ടർ ചെയ്തു.'

ആനിയുടെ മുഖത്തെ ഗൗരവം ഇല്ലാതായി. അവർ ഇരുവരും ചിരിയിലേക്ക് കയറിപ്പോയി.

ഏലിയാമ്മ വന്നു. പാർക്കിൽ പോകാമെന്നു പറഞ്ഞു. ആന്റിയുടെ വിരൽത്തുമ്പിൽ സിബിനുമുണ്ടായിരുന്നു.

അവർ വീടിനടുത്തുള്ള പാർക്കിലേക്കു നടന്നു. സൈമണെന്താണു വരാത്തതെന്നു ആനി മോനിക്കയോടു ചോദിച്ചു.

'പ്രാക്ടീസ്-' മോനിക്ക പറഞ്ഞു.

ഇത്രയുംനേരം കൈവേഗം കിട്ടാൻ ടെന്നീസ് കളിച്ചിട്ട് ഇനിയും പ്രാക്ടീസോ എന്ന അർഥത്തിൽ ആനി മോനി

ക്കയെ നോക്കി. അവളുടെ നോട്ടത്തിന്റെ അർഥം മനസിലായപോലെ മോനിക്ക പറഞ്ഞു.

'ഈവർഷത്തെ മത്സരം ജയിച്ചാൽ കിക്ക് ബോക്സിംഗ് ചാമ്പ്യൻഷിപ്പ് കണ്ടിന്യൂസായി 3 ടൈംസ് ലഭിക്കുന്ന ആദ്യത്തെയാളാകും സൈമൺ. അമേരിക്കയിൽവച്ചാണ് മത്സരം. സൈമന്റെ ഫാൻസ് കൂടുതലുള്ള നാട്. അവിടെ വിൻ ചെയ്യണമെങ്കിൽ ഹാർഡ് വർക്ക് ചെയ്യണം.'

മോനിക്ക പറഞ്ഞവസാനിപ്പിച്ചു.

സിബൻ ഏലിയാമ്മയുടെ കൈവിടുവിച്ച് പാർക്കിൽ കുട്ടികൾ കളിക്കുന്നിടത്തേക്ക് ഓടി. ഏലിയാമ്മ യുവത്വത്തിന്റെ പ്രസരിപ്പോടെ പിറകെചെന്നു.

അവനൊരു ഊഞ്ഞാലിൽ ഇരുപ്പുറപ്പിച്ചു.

ആനിയും മോനിക്കയും പാർക്കിലെ പുൽവഴികളിലൂടെ നടന്നു.

ലണ്ടനിൽ ആദ്യമായാണ് ഒരു പാർക്കിൽ പോകുന്നത്. നഗരഹൃദയത്തിൽ വിശാലതയിൽ പകർന്നു കിടക്കുന്ന ഒരു പച്ച സമുദ്രമാണതെന്ന് ആനി സങ്കല്പിച്ചു.

കുട്ടികൾക്കുള്ള കളിസ്ഥലം കമ്പിവേലികൾകൊണ്ട് പകുത്തിരിക്കുന്നു. ചെറിയ ചെറിയ നടപ്പാതകൾ. മഞ്ഞപ്പൂവുകൾക്ക് മുകളിൽ പ്രണയാതുരതയായ പൂമ്പാറ്റകൾ. നൂറ്റാണ്ടുകൾ പ്രായമുള്ള മുത്തശിമരങ്ങൾ ഇലപൊഴിച്ച് നഗ്നരായി നിരന്നു നില്ക്കുന്നതിനിടയിലൂടെ അവർ നടന്നു.

സംസാരത്തിന്റെ ഉറവ വറ്റിയതുപോലെ അവർ നിശബ്ദരായിരുന്നു. ആനി ഒന്നും സംസാരിച്ചില്ല. ഒരു ഛായാചിത്രംപോലെ സുന്ദരമായ ആ അന്തരീക്ഷത്തെ വാക്കുകളുടെ ശബ്ദം മുറിപ്പെടുത്തുമെന്ന് അവൾക്കുതോന്നി.

ഇലകൊഴിഞ്ഞ മരത്തലപ്പുകൾ ആകാശത്തിന്റെ ക്യാൻവാസിലേക്ക് വളഞ്ഞുപുളഞ്ഞു നിന്നു. ചില മരച്ചുവടുകളിൽ കമിതാക്കൾ ഇരിക്കുന്നു. ചിലർ പരസ്പരം ചുംബിക്കുന്നുണ്ട്. ചിലർ കെട്ടിപ്പുണർന്നു കിടക്കുന്നു. തങ്ങളുടെ പ്രണയാവേശം ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുകയാണവരെന്നു ആനിക്കു തോന്നി.

അവർ കാണുന്നത് പ്രണയത്തിന്റെ മെഴുകുതിരി ജ്വാലകൾ മാത്രം. എല്ലാം ദഹിപ്പിച്ചുകൊണ്ട് പായുന്ന ജീവിതമെന്ന കാട്ടുതീ പടരുന്നത് ആ ജ്വാലയിൽനിന്നാണെന്ന് അവർ അറിയുന്നില്ലയെന്ന് ഉറക്കെ വിളിച്ചുപറയണമെന്ന് ആനി ആഗ്രഹിച്ചു. ആരുടെയും സ്വകാര്യതയിലേക്ക് മറ്റാരും കടന്നുചെല്ലാറില്ലിവിടെ. നടവഴിയുടെ അരികിലെല്ലാം ഇരിക്കാനുള്ള ബഞ്ചുകളുണ്ട്. കുറേ വെള്ളരിപ്രാവുകൾ ബഞ്ചുകളിൽ ഇരിക്കുന്നു. കുറേയകലെ ആൺകുട്ടികളും പെൺകുട്ടികളും വോളിബോൾ കളിക്കുന്നുണ്ട്.

അവർക്കു മുന്നിൽ നടന്നുപോയ കുറെ മിഥുനങ്ങൾ. അതിലൊരു പെൺകുട്ടി മുഖത്തെ പർദമാറ്റി ആണിന്റെ ചുണ്ടുകളെ തന്റെ ചുണ്ടുകൾക്കുള്ളിലാക്കിയത് പെട്ടെന്നായിരുന്നു.

മോനിക്ക ആനിയെ നോക്കി ചിരിച്ചു.

അവരിരുവരും പരിസരം മറന്ന് പരസ്പരം ചുണ്ടുകൾ നുകരുന്നു.

ആനിയും മോനിക്കയും ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ അവരെ കടന്നുപോയി.

സൗദിയിലായിരുന്നെങ്കിൽ അവളുടെ കഴുത്ത് പൊടികളിൽ വീണുരുളുമായിരുന്നുവെന്ന് ആനി ഓർത്തു.

മണരാണ്യത്തിൽനിന്നും മഞ്ഞിന്റെ താഴ്വരയിലേക്കുള്ള ദൂരം കിലോമീറ്ററുകൾകൊണ്ട് അളന്നു തീർക്കാനാവില്ലെന്ന് ആനിക്കുതോന്നി.

മഞ്ഞിന്റെ ഗന്ധത്തിൽ സിരകളെ മരവിപ്പിച്ചുകൊണ്ട് ഒരു കാറ്റ് അവരെ കടന്നുപോയി.

*(തുടരും......)*